


## എന്തുകൊണ്ട് കമ്മ്യൂണിസ്റ്റ്കാർ കരുണാകരന്റെ മരണം

**സീതാറാം മില്ലിലെ തൊഴിലാളിനേതാവും (എ.ഐ.ടി.യു.സി)**
**മുൻ സി.പി.ഐ എം.എൽ.എയുമായ**

# പരമേട്ടൻ പറയാതിരുന്നത്

**രാഷ്ട്രീയത്തിൽ** സ്ഥിരം ശത്രുക്കളും സ്ഥിരം മിത്രങ്ങളും ഉണ്ടാവില്ല. ഈ ഉത്തരത്തിൽ നിന്ന് വായിച്ചെടുക്കാവുന്നത് പണ്ട് ശത്രുത ഉണ്ടായിരുന്നു എന്നുതന്നെയാണ്. അപ്പോൾ പണ്ടത്തെ ശത്രുത വിസ്മരിച്ച് പിന്നെ മിത്രത്വത്തിലേക്ക് നീങ്ങുമ്പോൾ പോയ കാലങ്ങളിലെ എല്ലാം മറക്കുന്നത് ഒരു രാഷ്ട്രീയ കാപട്യമല്ലേ. അതിനും ഉത്തരം പഴയതുതന്നെ. ഇങ്ങനെ തുടങ്ങുമ്പോൾ കുറച്ചു നേരത്തേക്കെങ്കിലും ചോദ്യകർത്താക്കളിൽ നിരാശയുണ്ടാകും. പെട്ടെന്ന് വർത്തമാനത്തിലേക്ക് തിരിച്ചുവന്ന് ചോദ്യങ്ങൾ തുടരുകയും വേണം. പരമേട്ടനുമായി സംസാരിച്ചിരിക്കുമ്പോൾ തോന്നിയതാണിത്. കെ. കരുണാകരനെ സംബന്ധിച്ച ചോദ്യങ്ങൾക്ക് സഖാവ് എ. എം. പരമൻ മറുപടി പറയുമ്പോൾ കണ്ണൂരിൽ നിന്ന് തൃശൂരിൽ എത്തിയതും പ്രജാമണ്ഡലവും പനമ്പിള്ളിയും നാണു എഴുത്തച്ഛനുമെല്ലാം ചേർന്ന് പരുവപ്പെടുത്തിയ കരുണാകരനെ പരാമർശിക്കാനാണ് പരമേട്ടന് താല്പര്യം തോന്നിയത്.

അതുകൊണ്ടുതന്നെ വിവിധ അളവിൽ മിശ്രണം ചെയ്യപ്പെട്ട രാഷ്ട്രീയ വ്യക്തിത്വമല്ലേ അതും പിൽക്കാല കോൺഗ്രസ്സിന്റേത് കൂടിയതുമല്ലേ എന്നാണ് തിരിച്ച് ചോദ്യം. ക്വിറ്റ് ഇൻഡ്യയിൽ പങ്കെടുത്ത് 1942ൽ അറസ്റ്റ് വരിച്ച് ജയിലിൽപോയ കരുണാകരന് പണ്ടുണ്ടായിരുന്ന ഒരു കോൺഗ്രസ്സ് സംസ്കാരവും തെല്ലും ബാധിച്ചിട്ടില്ലെന്നു തന്നെയാണ് വരികൾക്കിടയിൽ പരമേട്ടൻ വിട്ടുപോയത്. ആശ്രിതവത്സരരാൽ, സമാന്തര ഉപജാപകസംഘങ്ങളാൽ പരസ്പരം നിയന്ത്രിക്കപ്പെട്ട ഒരു ലീഡറെയാണ് കേരളത്തിൽ കോൺഗ്രസിന് കിട്ടിയത്. ഇങ്ങനെയാണ് ഈ ലീഡർ മാളയിൽ മാണിക്യമായത്. ഒരു എം.എൽ.എ. ആകുമ്പോൾ സ്വന്തം നിയോജകമണ്ഡലം ശ്രദ്ധിക്കേണ്ടെ? അതല്ലേ കരുണാകരൻ ചെയ്തിട്ടുള്ളൂ എന്നാണ് പരമേട്ടൻ മറുചോദ്യം ചോദിച്ചത്. അപ്പോൾ ഒരു മുഖ്യമന്ത്രി എന്തുചെയ്യണം? സ്വന്തം മണ്ഡലത്തെ മാണിക്യമാക്കാത്ത മുഖ്യമന്ത്രിമാരും നമുക്കുണ്ടായിട്ടുണ്ട്.

സീതാറാം മില്ലിലെ എ. ഐ. ടി. യു. സി യൂണിയനെ പൊളിക്കാൻ അക്കാലത്തെ കരുണാകര കുൽസിതശ്രമം കണ്ട് പ്രകോപിതനായ കീരൻ എന്ന കെ. കെ. വാര്യരാണ് 1942ൽ ആ പേര് (കരിങ്കാലി) കരുണാകരന് സമ്മാനിച്ചതെന്ന് പരമേട്ടൻ പറഞ്ഞു. പോലീസ് വണ്ടിയിൽ കയറിയിരുന്ന് കമ്മ്യൂണിസ്റ്റുകാരെ കാണിച്ചുകൊടുക്കാനും കരുണാകരനുണ്ടായിട്ടുണ്ട് എന്ന് പറഞ്ഞ് പരമേട്ടൻ പഴി ചാരുന്നത് കോൺഗ്ര സ്സിനെ തന്നെയാണ്. അപ്പോൾ പിന്നെ ഏറെ പ്രകീർത്തിക്കപ്പെടുന്ന കരുണാകര മിടുക്ക് ആദർശവത്കരിക്കപ്പെടേണ്ടതുണ്ടോ എന്ന ചോദ്യത്തിനും "അയാൾ ഒരു കാര്യം തീരുമാനിച്ചാൽ അത് നടപ്പാക്കും". അതാണ് അയാളുടെ ശൈലി എന്ന ഉത്തരം ഞങ്ങളുടെ അടുത്ത ചോദ്യത്തെ മുട്ടിച്ചു. രാഷ്ട്രീയ സദാചാരം തീരുമാനിക്കുന്നത് ജനങ്ങളാകുമ്പോൾ ഉത്തരം കിട്ടുകയില്ലയെന്നറിഞ്ഞിട്ടും ഇനി ചോദിക്കേണ്ടത് മൊത്തം കേരളത്തോടാണ്. അതിനൊരു തയ്യാറിപ്പ് (Ready stock) ഉത്തരം പറയാനും അതിനനുസരിച്ച് കോലം കെട്ടാനും രാഷ്ട്രീയ നേതൃത്വങ്ങൾക്കറിയാം എന്ന വ്യംഗ്യം പരമേട്ടന്റെ മൗനത്തിലുണ്ട്. ജനം ഇതൊന്നും ഓർമ്മിച്ച് നടക്കുകയില്ല അങ്ങനെയാകുമ്പോൾ കരുണാകരനും കേരളീയനോട് പയറ്റിയ മിടുക്ക് അതുതന്നെയല്ലെ എന്ന ഭാഷ്യവും ആ മൗനത്തിലുണ്ട്.

എന്തുകൊണ്ട് കമ്മ്യൂണിസ്റ്റ്കാർ ഇങ്ങനെയൊക്കെ പോയകാലത്തെ മറക്കാൻ അഭ്യസിച്ചു എന്നത് അവരുടെ മഹാമനസ്കതയാണോ? എന്നാൽ സാധാരണ തൊഴിലാളികൾക്കിടയിൽ പാവം മനുഷ്യർക്കിടയിൽ ഒരു നിരാശ പടരും. അതു ഒരു കല്ലുമായി കല്ലേറ്റുംകരയിൽ നിന്ന് തിരുവനന്തപുരത്തെത്തി കരുണാകരന്റെ കാറിനു നേരെ ചീറിപ്പായും. അതും ശ്ലാഘിക്കപ്പെടേണ്ടതല്ലേ? മറക്കാതിരിക്കുന്ന പൂങ്കുന്നത്തുകാരെയും തൃശൂർക്കാരെയും കണ്ടെത്താനായില്ല.

*(സംഭാഷണത്തിൽ നിന്നും തയ്യാറാക്കിയത്:മുഹമ്മദ്, റോബിൻ)*